
പുസ്തകം

ശിഹാബ് പൂക്കോട്ടൂർ

# ചരിത്രമെഴുത്തിന്റെ കലഹ രീതികൾ

(സവർണ ഘടനകളുടെ സങ്കീർണമായ ഏകാത്മകതക്കെതിരെയുള്ള ഒരു കടന്നാക്രമണമാണ് 'മലബാർ: ദേശീയതയുടെ ഇട-പാടുകൾ; ചരിത്ര സാഹിത്യ പാഠങ്ങൾ' എന്ന എം.ടി അൻസാരിയുടെ കൃതി)

**ചരിത്രമെന്നാൽ പൂണൂൽ കെട്ടി ചമ്രം പടിഞ്ഞിരുന്ന് വിസ്തരിച്ച് എഴുതുന്നത് മാത്രമല്ല, അടിച്ചമർത്തപ്പെട്ടവർ തെരുവിൽ വിളിച്ചു പറയുന്നതുമാണ് എന്നാണ് 'മലബാർ; ദേശീയതയുടെ ഇട-പാടുകൾ' എന്ന കൃതി സ്ഥാപിക്കുന്നത്. സ്വാതന്ത്ര്യരാഷ്ട്രീയ കാലഘട്ടത്തിലെ ചരിത്ര വായനയുടെ മാനിഫെസ്റ്റോ ആയി ഇതിനെ വിശേഷിപ്പിക്കാം.**




**'മലബാർ'** രാഷ്ട്രീയ, സാമുദായിക, വിദ്യാഭ്യാസ ഭൂപടത്തിൽ ശോഷിച്ച് പോവുകയും കേരളത്തിലെ പലപ്രദേശങ്ങളും അസാമാന്യമാംവിധം തടിച്ച് കൊഴുക്കുകയും ചെയ്തതിന്റെ ചരിത്രപരമായ കാരണങ്ങൾ വിശകലനം ചെയ്യുകയാണ് 'മലബാർ: ദേശീയതയുടെ ഇട-പാടുകൾ' എന്ന എം.ടി അൻസാരിയുടെ കൃതി(പ്രസാധനം: ഡി.സി ബുക്സ്). വൈദേശിക, ആഭ്യന്തര (സവർണ) കൊളോണിയലിസങ്ങൾക്കെതിരെയുള്ള കലഹമാണ് ഈ പുസ്തകം. കേരളത്തിൽ നടന്ന അധിനിവേശ വിരുദ്ധ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയ ഒരു സമുദായത്തെ അധിനിവേശാനന്തര ചരിത്രം വിലയിരുത്തിയത് എങ്ങനെയാണെന്ന അന്വേഷണമാണ് കൃതി നിർവഹിക്കുന്നത്. കൊളോണിയൽ ചരിത്രമെഴുത്തും ഫ്യൂഡൽ ഗൃഹാതുരത്വവും ഞെട്ടിക്കും വിധമുള്ള ചേർച്ചകളാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇന്ത്യൻ ബ്രാഹ്മണിസം എല്ലായ്പ്പോഴും കൊളോണിയലിസവുമായി ഒത്തുചേർന്നാണ് പ്രവർത്തിച്ചത്. ഇന്ത്യയിൽ മുതലാളിത്തവും ഫ്യൂഡലിസവും ബ്രാഹ്മണിസത്തിന്റെ ജാതി-വർഗ ഘടനയുമായി സംയോജിക്കപ്പെട്ടിരിക്കുന്നു. ബ്രിട്ടീഷ് ഭരണത്തിനു കീഴിൽ ദലിത്/മുസ്‌ലിം വിഭാഗങ്ങൾക്ക് കിട്ടിയിരുന്ന വിദ്യാഭ്യാസ-തൊഴിൽ അവസരങ്ങൾക്കൂടി ബ്രാഹ്മണിസത്തിന് ആധിപത്യമുള്ള ഇന്ത്യൻ ഭരണകൂടം കൊട്ടിയടച്ചിട്ടുണ്ട്. റാം മോഹൻ റോയ്, ബാലഗംഗാധര തിലക്, ഗോൾവാൾക്കർ, ശ്യാമപ്രസാദ് മുഖർജി തുടങ്ങിയവർ ഹൈന്ദവ

ബ്രാഹ്മണ ചിന്താധാരയെ വിവിധ ഘട്ടങ്ങളിലായി പ്രതിനിധീകരിച്ചിട്ടുണ്ട്. അവരുടെ മാർഗങ്ങൾ വ്യത്യസ്തമായിരുന്നെങ്കിലും അടിസ്ഥാനപരമായി അവ ഒന്നു തന്നെയായിരുന്നു. ആധുനിക ഇന്ത്യയിൽ ബ്രാഹ്മണാധീശത്വം ഉറപ്പിക്കുന്നതിൽ ഇവർ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്.

'മലബാർ' പോരാട്ടത്തിന്റെ ചരിത്രമെഴുത്തിൽ കൊളോണിയൽ ചരിത്രകാരന്മാരുടെ (മാപ്പിളമാരെ അടയാളപ്പെടുത്തുന്നതിന്) പാടുകൾ ('മതഭ്രാന്ത്', 'ലഹള', 'പൊട്ടിത്തെറി', 'അതിക്രമം' എന്നിവ) മേനോൻ, നായർ, നമ്പൂതിരി, പണിക്കർ ചരിത്രമെഴുത്തിലും കാണാവുന്നതാണ്. സാഹിത്യം, ചരിത്രം, സിനിമ തുടങ്ങിയവയിൽ ഇടപെടാനും പറയാനുമുള്ള അവകാശം ചില പ്രത്യേക വിഭാഗങ്ങൾക്ക് മാത്രമായിരുന്നു. എഴുപതുകളിൽ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ കൂടെ നിൽക്കുക എന്ന മഹത്തായ കർമം നിർവഹിച്ച ബ്രാഹ്മണിക്കൽ ലോജിക്കിനെ നാം സെക്യുലർ (മതനിരപേക്ഷത) സമരങ്ങളുടെ ആളിക്കത്തലുകളായി വിശേഷിപ്പിച്ചു. നിങ്ങളുടെ പ്രശ്നങ്ങൾ 'ഞങ്ങൾ പറയും' എന്ന ഫ്യൂഡൽ ആധിപത്യത്തെയാണ് മതേതര വ്യവഹാരങ്ങളുടെ സുവർണ കാലമായി ചരിത്രത്തിൽ ഓർമിക്കപ്പെടുന്നത്. സ്വത്വരാഷ്ട്രീയ വീക്ഷണത്തിലൂടെ ചരിത്രം, സാഹിത്യം, സിനിമ എന്നിവയെ സമീപിക്കാൻ തുനിഞ്ഞപ്പോൾ അതിനെ മതേതര വ്യവഹാരങ്ങളുടെ പുറത്തുള്ള പ്രക്രിയയാക്കി ചിത്രീകരിക്കാനും 'മതഭ്രാന്തായി' അടയാളപ്പെടുത്താനും ശ്രമിച്ചു. മതേതരമെന്ന സംജ്ഞയിൽ കയറിക്കിടക്കാൻ അവകാശമുള്ളവർ ബ്രാഹ്മണിസ്റ്റുകളായിരുന്നു. നമ്മൾ എത്രയൊക്കെ ചേർത്തു നിർത്തിയാലും 'മതേതരം' മുഴച്ചു നിൽക്കും. അവനവന്റെ പ്രശ്നങ്ങൾ വിളിച്ചുപറയാനുള്ള അവകാശം നേടിയെടുത്ത കാലഘട്ടത്തിലും സമാന്തരം, പാർശ്വവൽകൃതം എന്നീ പദാവലികൾ കൊണ്ട് മുഖ്യധാരാ വ്യവഹാരങ്ങളിൽ നിന്നും കീഴാള രാഷ്ട്രീയ പ്രവർത്തനത്തെ അകറ്റി നിർത്തി.

**അവനവന്റെ പ്രശ്നങ്ങൾ വിളിച്ചുപറയാനുള്ള അവകാശം നേടിയെടുത്ത കാലഘട്ടത്തിലും സമാന്തരം, പാർശ്വവൽകൃതം എന്നീ പദാവലികൾ കൊണ്ട് മുഖ്യധാരാ വ്യവഹാരങ്ങളിൽ നിന്നും കീഴാള രാഷ്ട്രീയ പ്രവർത്തനത്തെ അകറ്റി നിർത്തി.**

ചരിത്രമെന്നാൽ പൂണൂൽ കെട്ടി ചമ്രം പടിഞ്ഞിരുന്ന് വിസ്തരിച്ച് എഴുതുന്നത് മാത്രമല്ല, അടിച്ചമർത്തപ്പെട്ടവർ തെരുവിൽ വിളിച്ചു പറയുന്നതുമാണ് എന്നാണീ കൃതി സ്ഥാപിക്കുന്നത്. സ്വത്വരാഷ്ട്രീയ കാലഘട്ടത്തിലെ ചരിത്ര വായനയുടെ മാനിഫെസ്റ്റോ ആയി ഇതിനെ വിശേഷിപ്പിക്കാം. പാരമ്പര്യവാദത്തെ തലോടൽ മാത്രമല്ല, മുറിവേൽപ്പിക്കലും ചോദ്യംചെയ്യലും ചരിത്രമെഴുത്തിന്റെ ഏറ്റവും വലിയ രാഷ്ട്രീയമാണ്. സാഹിത്യ ചരിത്ര ഇടപാടുകളിൽ മതേതര പ്രതിനിധാനം ഫ്യൂഡൽ യുക്തികളുടെ സാധൂകരണമാണ്. മാറു മറക്കരുത് എന്ന വിജ്ഞാപനത്തെ ശരീരം മറക്കണമെന്ന പ്രതിരോധ യുക്തികൊണ്ടാണ് സമൂഹം നേരിട്ടത്. ശരീരം മറക്കുക എന്ന സമര രീതിയെ യാഥാസ്ഥിതികം, മൗലികവാദം എന്നീ വാർപ്പുമാതൃകകളിലൂടെ ആക്ഷേപിക്കുന്ന പുരോഗമന മതേതര പുറംചട്ടയണിഞ്ഞവർ സവർണ യുക്തികളെ തന്നെയാണ് സാധൂകരിക്കുന്നത്.

ചരിത്രമെഴുത്തിൽ മാത്രമല്ല പഴഞ്ചൊല്ലുകളിൽ വരെ അധീശപ്രതിനിധാനങ്ങൾ വിശ്രമിക്കുന്നതായി കാണാം. 'മാപ്പിളയുടെ വാക്കും കീറിയ ചാക്കും' 'തോറ്റു തൊപ്പിയിട്ടു' തുടങ്ങിയ പ്രയോഗങ്ങളിൽ, തോറ്റാൽ ധരിക്കേണ്ടതാണ് തൊപ്പിയെന്നും കീറിയ ചാക്കിന് സമാനമാണ് മാപ്പിളമാർ എന്ന വിലയിരുത്തലും മതഭ്രാന്ത് എന്ന ചരിത്രപരമായ നിർമിതിയുടെ തുടർച്ചയായി തന്നെയാണ് ഇവിടത്തെ പൊതുബോധം വിലയിരുത്തുന്നത്. 'ബോംബാണെങ്കിൽ മലപ്പുറത്ത് കിട്ടും' എന്ന സിനിമാ ഡയലോഗ് ലഹള, പൊട്ടിത്തെറി തുടങ്ങിയ ചരിത്രമെഴുത്തിന്റെ കൊളോണിയൽ/കൊളോണിയലാനന്തര യുക്തികളുടെ അതിജീവന പ്രയോഗങ്ങളാണ്. സവർണ പൈതൃകങ്ങൾ അതിജീവിക്കുന്നത് മുഖ്യധാര ചിഹ്നങ്ങളിലൂടെ തന്നെയാണ്. മതത്തിന്റെ പിൻബലത്തിൽ ദേശസമരത്തിലേർപ്പെടുമ്പോൾ ദേശീയ ചരിത്രത്തിൽ അധിനിവേശ യുക്തികളുടെ ഇടപെടലുകൾ അതിനെ മതഭ്രാന്തായി ചിത്രീകരിക്കുന്നു. ഇസ്‌ലാമിന്റെ പ്രത്യയശാസ്ത്ര ഉൾക്കരുത്തായിരുന്നു അധിനിവേശ വിരുദ്ധ പോരാട്ടങ്ങളിൽ മുസ്‌ലിംകളെ മുൻപന്തിയിൽ നിർത്തിയത്. എന്നാൽ കേരളത്തിലെ പിന്നാക്ക ജനസംഖ്യയിലധികവും താമസിക്കുന്ന മലബാർ പ്രദേശത്തെ രണ്ടുതരം അധിനിവേശ യുക്തികളും വിലയിരുത്തിയത് യജമാനഭാവത്തോടെയാണ്. മണ്ണും ചേറും കറുപ്പും ഈ ദേശത്തിന്റെ പൈതൃകങ്ങളല്ലെന്ന പ്രസ്താവന സംഘർഷങ്ങളിൽ ഏകാധിപത്യം നേടിയവരുടെതായിരുന്നു. നൂറ്റാണ്ടുകളായി നാവ് നഷ്ടപ്പെട്ട ദലിത്-ആദിവാസി-മുസ്‌ലിംകൾ രാഷ്ട്രീയമായ പ്രതിരോധങ്ങളിലേക്കും സ്വത്വ നിർണയത്തിലേക്കും തിരിച്ചെത്തിയിരിക്കുകയാണ്. കീഴാള ജനതയുടെ രാഷ്ട്രീയാവബോധം രൂപപ്പെടുന്നത് അടിമാനുഭവത്തിന്റെ ഓർമകളെ ചരിത്രവൽക്കരിക്കുമ്പോഴാണ്. അവനവന്റെ ചരിത്രം ഓരോരുത്തനും വിളിച്ചു പറയുന്നത് രാഷ്ട്രീയ പ്രതിരോധമാണ്. മാപ്പിള ചരിത്രം മാപ്പിളമാരുടെ എഴുത്തുകളിൽ നിന്ന് വായിച്ചെടുക്കുകയെന്നത്, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ നാവുകൾക്ക് കരുത്ത് നൽകുക എന്ന ചരിത്ര ദൗത്യം കൂടിയാണെന്ന് ഈ കൃതി മനോഹരമായി നിർവഹിക്കുന്നുണ്ട്.

മാർക്സിസ്റ്റ് ചരിത്രമെഴുത്ത് മതബോധമുള്ള സമരപോരാട്ടങ്ങളെ വർഗാടിസ്ഥാനത്തിൽ വിശകലനം ചെയ്യാനാണ് ശ്രമിച്ചത്. ദേശീയപ്രസ്ഥാനത്തിന്റെ ഹിന്ദുത്വ താൽപര്യങ്ങളോടും കൊളോണിയൽ വിധേയത്വത്തോടും പോരാടിയ മലബാർ കലാപത്തിന് മുതലാളിത്താനന്തര സമുദായത്തിൽ ഒരു വർഗ നേതൃത്വം സൃഷ്ടിക്കുക അസാധ്യമായിരുന്നു. രാഷ്ട്രീയവും മതവും കൃത്യമായ വേർതിരിവില്ലാത്ത വിധം കെട്ടുപിണഞ്ഞാണ് മലബാർ കലാപത്തിൽ പ്രത്യക്ഷപ്പെടുന്നത്. പോർച്ചുഗീസുകാരോടുള്ള ഏറ്റുമുട്ടൽ മുതൽ ബ്രിട്ടീഷ് വിരുദ്ധസമരം വരെ കൃത്യമായ മതവേദ ഗ്രന്ഥങ്ങളുടെ പിൻബലങ്ങളിൽ തന്നെയായിരുന്നു. അധിനിവേശ വിരുദ്ധ പോരാട്ടം മതപരമായ ബാധ്യതയായിരുന്നു എന്നതിന്റെ തെളിവാണ്, കോളനിയാക്കപ്പെട്ട രാഷ്ട്രങ്ങളിൽ ഏറ്റവും കൂടുതൽ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയത് സെക്യുലർ വർഗാടിസ്ഥാനങ്ങളിൽ നിന്നല്ല, മതാടിസ്ഥാനങ്ങളിൽ ഊന്നി നിന്നുകൊണ്ടായിരുന്നു എന്ന ചരിത്ര വസ്തുത. അക്കാലത്തെ മതവിധികൾ (ഫത്‌വ) പരിശോധിച്ചാൽ അധിനിവേശ വിരുദ്ധ ന്യായങ്ങ

ളിൽ നിന്നാണ് അവ നിർമിച്ചെടുത്തതെന്ന് കാണാം. മൈസൂർ സുൽത്താന്മാരായ ഹൈദറലിയുടെയും ടിപ്പുവിന്റെയും ഹ്രസ്വ ഭരണത്തിന് ശേഷം ബ്രിട്ടീഷ് കൊളോണിയലിസവും അവർ താങ്ങി നിർത്തിയ സവർണ ജന്മിത്തവും മലബാറിലെ ജനജീവിതത്തെ മുഴുവൻ മണ്ഡലങ്ങളിലും പിടിമുറുക്കിയ ചരിത്ര ഘട്ടത്തിൽ അതിനെതിരായ രാഷ്ട്രീയ ചെറുത്തുനിൽപ്പുകളിലൂടെയും സമുദായ പരിഷ്ക്കരണ പ്രവർത്തനങ്ങളിലൂടെയും കേരള മുസ്‌ലിം സ്വത്വത്തെ സംരക്ഷിക്കുകയും ബലപ്പെടുത്തുകയും ചെയ്ത വിപ്ലവകാരികളായിരുന്നു മുസ്‌ലിം മതപണ്ഡിതൻമാർ. മമ്പുറം തങ്ങൻമാർ, സൈനുദ്ദീൻ മഖ്ദൂം, ഉമർഖാദി, ആലി മുസ്‌ലിയാർ തുടങ്ങിയവർ അതിന് ഉദാഹരണമാണ്. വർഗ വിശകലന രീതികളിലൂടെ ഫ്യൂഡൽ ബന്ധങ്ങളുടെ കെട്ടുകളറുക്കുകയും ചരിത്രത്തിന്റെ മറ്റൊരു ഘട്ടത്തിലേക്ക് മാപ്പിളമാർ പ്രവേശിക്കുകയും ചെയ്യുന്നുവെന്ന മാർക്സിസ്റ്റ് നിരീക്ഷണം മലബാർ സമരങ്ങളെ കുറിച്ച് പൊതുവിൽ തന്നെ പരാജിതമായിരുന്നു. അൻസാരിയുടെ നിരീക്ഷണം ഇവിടെ ശ്രദ്ധേയമാണ്. "ഫ്യൂഡൽ, ബൂർഷ്വാ അവബോധങ്ങളുടെ രംഗപ്രവേശത്തോടെ സാമുദായികമായത് അനിവാര്യമായും അപ്രത്യക്ഷമാവും എന്നതാണ്. ഇവിടെ ഞാൻ വാദിച്ചിട്ടുള്ളത് പോലെ ഇസ്‌ലാം ഒരു വ്യത്യസ്ത ചിത്രമാണ് നൽകുന്നത്. ഇസ്‌ലാമിന്റെ നിലപാടിൽ നിന്നുകൊണ്ട് തന്നെ ഒരാൾക്ക് അധിനിവേശാനന്തര (Post Colonial) ലോകത്തും ഒരു ബൂർഷ്വാധികാര സമ്പ്രദായത്തിനൊപ്പവും സാമുദായിക അവബോധത്തോടെ നിലനിൽക്കാൻ കഴിയും എന്ന് വാദിക്കാം. ബൂർഷ്വാ മതേതര ആധുനികതയുടെ സ്വകാര്യ/പൊതു വിഭജനത്തെ അംഗീകരിക്കാത്ത ഒരു വിമർശനമാണ് സാമുദായിക രീതിയുടേത്. വിശേഷിച്ചും ഇസ്‌ലാമിനെ സംബന്ധിച്ചേടത്തോളം എന്ന് വാദിക്കാവുന്നതാണ്. സമുദായത്തെക്കുറിച്ചുള്ള ഈ ബോധമാവണം ഒരുപക്ഷേ തങ്ങളുടെ പ്രദേശിക സാഹചര്യത്തെ ദേശീയവും ആഗോളവുമായ പശ്ചാത്തലവുമായി ബന്ധപ്പെടുത്തി കാണാൻ മാപ്പിള കലാപകാരികളെ പ്രാപ്തരാക്കിയത്".

മാർക്സിസ്റ്റ് ചരിത്ര രചനകളുടെ ബർലിൻ മതിലായിരുന്നു മലബാർ സ്വാതന്ത്ര്യ പോരാട്ടങ്ങൾ. പിൽക്കാല മലബാറിലെ സമൂഹരൂപീകരണം തങ്ങളുടെ വർഗ യുക്തികളിലൂടെയല്ല മതയുക്തികളിലൂടെ തന്നെയായിരുന്നുവെന്ന് മലബാർ ചരിത്രം പരിശോധിച്ചാൽ മനസ്സിലാകും. മലബാർ കലാപത്തിൽ നേരിട്ട് പങ്കെടുത്ത പ്രദേശങ്ങളിൽ സാമുദായിക ഘടന ശക്തിപ്പെടുകയും സവർണ യുക്തികളുടെ സെക്യുലർ ബോധങ്ങൾ പരാജയപ്പെടുകയും ചെയ്തു. ഈ പൊതുബോധത്തിന്റെ അപരവൽക്കരണ പ്രക്രിയയിൽ ദേശീയതയോടൊപ്പം മാർക്സിസവും പങ്കുചേരുകയാണ് ചെയ്തത്. അതുകൊണ്ടാണ് ചരിത്രമെഴുത്തിൽ സമാനമായ പദപ്രയോഗങ്ങൾ നമുക്ക് കാണാൻ കഴിയുന്നതും.

## സാഹിത്യത്തിലെ മുസ്‌ലിം പ്രതിനിധാനങ്ങൾ

താൻ വായിച്ച സമുദായവും കണ്ട സമുദായവും തമ്മിലുള്ള വലിയ അന്തരമാണ് വൈക്കം മുഹമ്മദ് ബഷീറിനെ എഴുതാൻ പ്രേരിപ്പിച്ചതെന്ന് അദ്ദേഹം തന്നെ തുറന്നു പറഞ്ഞിട്ടുണ്ട്. സാഹിത്യങ്ങളിൽ കണ്ട ദംഷ്ട്രകളും നഖങ്ങളും ക്രൂരതയും താൻ ഇടപഴകിയ മാപ്പിള മാർക്കില്ല എന്ന പ്രഖ്യാപനമായിരുന്നു ബഷീർ കൃതികൾ. ബഷീർ ആധുനികതയുമായി സമുദായത്തെ ബന്ധിപ്പിക്കാൻ ശ്രമിക്കുമ്പോഴും മാപ്പിളമാരുടെ സ്വത്വനിർണയത്തിന് വലിയ ഇടം നൽകാൻ ബഷീർ സസൂക്ഷ്മം ശ്രദ്ധിച്ചിട്ടുണ്ട്.

ആധുനികതയുടെ വിഘടനം ചൂണ്ടികാട്ടുന്നത് മുസ്‌ലിംകളെ മനുഷ്യരായി കണ്ടെത്താൻ നമ്മുടെ സാഹിത്യത്തിന് കഴിഞ്ഞിട്ടില്ല എന്നുതന്നെയാണ്. പോകാനിടമില്ലാത്ത, മേത്തനായ, അപരാധം ചെയ്യുന്ന 'നികൃഷ്ടനായ ഒരു പുഴുവായ' *ചെമ്മീനി*ലെ പരീകുട്ടിയും, കൊമ്പുകളുള്ള ക്രൂരരായ, സ്ത്രീകളോട് നിർദയമായി പെരുമാറുന്ന, ശുദ്ധിയില്ലാത്ത മലയാള ഭാഷയിൽ സംസാരിക്കുന്ന, മദംപൊട്ടിയ, കലിയാർന്ന *ദുരവസ്ഥ*യിലെ മുഹമ്മദീയരുമാണ് മലയാള സാഹിത്യത്തിലെ മുസ്‌ലിം പ്രതിനിധാനങ്ങൾ. ഹിന്ദി സിനിമയിലെ വില്ലനെപ്പോലെ ക്രൂരനായ *ഹിഗ്വിറ്റ*യിലെ ജബ്ബാറും, തിരുത്താനും കൽപ്പിക്കാനും അധികാരമുള്ള *മുംബൈ*യിലെ ചിത്പവൻ ബ്രാഹ്മണയായ പ്രമീള ദേവിയും, നുഴഞ്ഞുകയറ്റക്കാരനായ അസീസും മലയാള സാഹിത്യത്തിന്റെ ദ്വന്ദ്വ വ്യവഹാരങ്ങളാകുന്നു. സ്വത്വരാഷ്ട്രീയത്തിന്റെ ഏകകങ്ങൾ തന്നെയായിരുന്നു ഓരോ വ്യക്തിയിലും മാപ്പിളമാരെക്കുറിച്ചെഴുതിയപ്പോൾ പുറത്തു വന്നിട്ടുള്ളത്. ആധുനിക ജനാധിപത്യ പൗരനായി ഇന്ന് ഇന്ത്യയിൽ വിശേഷിപ്പിക്കപ്പെടുന്നത് സവർണ-മധ്യവർഗ-ഹിന്ദു പുരുഷനാണ്. ലിംഗ, വംശ, മത കീഴാളത്തത്തെ (Subalternity) അനുഭാവപൂർവം എഴുതുന്നതിൽ/ആവിഷ്ക്കരിക്കുന്നതിൽ കർതൃ സ്ഥാനങ്ങളുടെ വൈവിധ്യ വിന്യാസം ദൃശ്യവൽക്കരിക്കുന്നതിൽ സാഹിത്യ കലാരൂപങ്ങൾ ഏകപക്ഷീയമായ നിലപാടുകളാണ് ഏറെയും സ്വീകരിച്ചിട്ടുള്ളത്. മുസ്‌ലിമിനെ/ദലിതനെ മെരുക്കിയെടുക്കുന്ന സവർണ പ്രത്യയശാസ്ത്ര പിൻബലമുള്ള മുഖ്യധാര കലാരൂപങ്ങൾ അപവാദങ്ങളല്ലാതായി മാറിയിരിക്കുന്നു. ഭീകരവാദ പ്രവണതകളോട് അനിവാര്യമായും വികസിച്ചുവരേണ്ട വിമർശനം മുസ്‌ലിം വിദ്വേഷമായി മാറുന്നു. ദേശസ്നേഹം എഴുന്നള്ളിക്കുന്ന നിരവധി അപരവൽക്കരണങ്ങളുടെ സങ്കേതമായ ഉന്മാദദേശീയത (Chauvinism) കലാരൂപങ്ങളുടെ മുഖ്യ പ്രമേയമായി തീർന്നിരിക്കുന്നു. മതേതരത്വമെന്ന വ്യവഹാരം പ്രതിനിധാനങ്ങളിൽ പ്രബല സമൂഹത്തിന്റെ സാംസ്കാരിക വിനിമയങ്ങളോട് കൂട്ടുകൂടുന്നു. അതിനായി കീഴാള ചരിത്രമെഴുത്തിനെയും അവരുടെ വംശ മുദ്രകളെയും അനുഷ്ഠാനങ്ങളെയും ഇകഴ്ത്തി കാണിക്കുന്ന ദൃശ്യപ്രചാരണ രീതി ഇന്ത്യൻ/മലയാള സിനിമാ സാഹിത്യങ്ങളിൽ സമർഥമായി ആസൂത്രണം ചെയ്തിട്ടുണ്ട്. ■

shihabciefl@gmail.com

**ഇസ്‌ലാമിന്റെ പ്രത്യയശാസ്ത്ര ഉൾക്കരുത്തായിരുന്നു അധിനിവേശ വിരുദ്ധ പോരാട്ടങ്ങളിൽ മുസ്‌ലിംകളെ മുൻപന്തിയിൽ നിർത്തിയത്. എന്നാൽ കേരളത്തിലെ പിന്നാക്ക ജനസംഖ്യയിലധികവും താമസിക്കുന്ന മലബാർ പ്രദേശത്തെ രണ്ടുതരം അധിനിവേശ യുക്തികളും വിലയിരുത്തിയത് യജമാനഭാവത്തോടെയാണ്.**